നുവേണ്ടി 240 കോടി രൂപ അടിസ്ഥാനമാക്കി കേരളം വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചുകഴിഞ്ഞു. ഇതിൽ 60 കോടി രൂപ കേരള സർക്കാരിന്റെ വിഹിതവും ബാക്കിയുള്ള 180 കോടി രൂപാ ബോണ്ടുകളുടെ വിൽപ്പനവഴിയും സമാഹരിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. കേരള സർക്കാരിന്റെ വിഹിതമായി 1996-99-ൽ 30 കോടി രൂപയും 1999-2000-ൽ 20 കോടി രൂപയും ചേർത്ത് ഇതുവരെ 50 കോടി രൂപ ലഭിച്ചുകഴിഞ്ഞു. ബോണ്ടുകളുടെ വിൽപ്പന വഴി 180 കോടി രൂപ സമാഹരിക്കുന്നതിന് കാനറാബാങ്ക്, സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകളുടെ മർച്ചന്റ് ബാങ്കിംഗ് ഡിവിഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2000 ജനുവരിയിൽ ബോണ്ടുകളുടെ വിൽപ്പന ആരംഭിക്കുകയും ആ മാസംതന്നെ 190 കോടി രൂപ സമാഹരിക്കുവാനും കഴിഞ്ഞു. ഈ ഫണ്ടിൽനിന്നും അടിയന്തിരസഹായമായി ഏകദേശം 15.49 കോടി രൂപ നാല് കമ്പനികൾക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി അതാത് മേഖലകളിൽ സെക്ടർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ മുമ്പാകെ കമ്പനികൾ സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ നടത്തിയ പഠന റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിക്കുകയും ചെയ്യുന്നു, കേരള വ്യവസായ പുനരുദ്ധാരണഫണ്ടിൽ നിന്നും ധനം ലഭ്യമാക്കുന്നതിനായി കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ, സെക്ടർ കമ്മിറ്റികളുടെ നിർദ്ദേശങ്ങൾക്കൂടി കണക്കിലെടുത്താണ് മുൻഗണനാക്രമം നിശ്ചയിക്കുന്നത്. ഇങ്ങനെ സെക്ടർ കമ്മിറ്റികളുടെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത്, കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ വായ്പകളായി ധനം നൽകുകയാണ് ചെയ്യുന്നത്. കമ്പനികളിൽനിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഈ ഫണ്ടിൽനിന്നും ധനം നൽകിത്തുടങ്ങുന്നതാണ്.

9 (2157) വിദേശ മലയാളികളുടെ സഹകരണത്തോടെയുള്ള വ്യവസായ സംരംഭങ്ങൾ

ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിദേശരാജ്യങ്ങളുടെ സാമ്പത്തികസഹായത്തോടും സഹകരണത്തോടും കൂടി സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പുതല ഉദ്യോഗസ്ഥന്മാരും ഏതെല്ലാം വിദേശരാജ്യങ്ങളാണ് സന്ദർശിച്ചിട്ടുള്ളത് ;

(സി) വിദേശ രാജ്യത്തിലെ സന്ദർശനത്തിനായി സർക്കാർ എന്തു തുക ചെലവഴിച്ചു;

(ഡി) ബഹുമാനപ്പെട്ട മന്ത്രിയുടെ വിദേശയാത്രകൊണ്ട് വിദേശരാജ്യങ്ങളിൽ നിന്ന് എന്തു തുക വ്യവസായ പുരോഗതികൾക്കായി ലഭിച്ചുവെന്ന് അറിയിക്കുമോ;

(ഇ) വിദേശമലയാളികളുടെ സഹകരണത്തോടെ പുതിയ വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിദേശരാജ്യങ്ങളുടെ സാമ്പത്തികസഹായത്തോടും സഹകരണത്തോടും കൂടി സംസ്ഥാനത്ത് പുതിയ വ്യവസായസംരംഭങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. എന്നാൽ വിദേശികളുടേയോ വിദേശകമ്പനികളുടേയോ സഹായത്തോടുകൂടി വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പുമന്ത്രി കെയ്റോ, വിയറ്റ്നാം, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ ഇതിനുവേണ്ടി സന്ദർശനം നടത്തിയിട്ടുണ്ട്. കിൻഫ്ര മാനേജിംഗ് ഡയറക്ടർ ന്യൂയോർക്ക്, ചിക്കാഗോ, ഡല്ലാസ്, ജർമ്മനി, സ്വിറ്റ്സർലന്റ്, യു.എ.ഇ., കാനഡ, പാരീസ്, റോം, ലണ്ടൻ തുടങ്ങിയ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. ടെക്നോപാർക്കിലെയും കെ.എസ്.ഐ.ഡി.സി. യിലെയും ഉദ്യോഗസ്ഥർ നടത്തിയ വിദേശയാത്രയുടെ വിവരങ്ങൾ അനുബന്ധം 1 ൽ† നൽകിയിരിക്കുന്നു.

(സി) ടെക്നോപാർക്ക് 18,86,130 രൂപയും കിൻഫ്രാ 13,05,976 രൂപയും കെ.എസ്.ഐ.ഡി.സി. 10,85,811 രൂപയും ചെലവഴിക്കുകയുണ്ടായി.

(ഡി) മന്ത്രിയുടെ വിദേശയാത്രയുടെ ഫലമായി കെ.എസ്.ഐ.ഡി.സി. യുമായി ചേർന്ന് വ്യവസായമാരംഭിക്കുവാൻ താൽപര്യം പ്രകടിപ്പിച്ചുകൊണ്ട് ഏകദേശം 152 കോടി രൂപ മുതൽമുടക്കു പ്രതീക്ഷിക്കുന്ന 6 വ്യവസായ പദ്ധതികൾക്കായി ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്. ടെക്നോപാർക്കിൽ 3115 ലക്ഷം രൂപയുടെ വിദേശനിക്ഷേപവും 1670 ലക്ഷം രൂപയുടെ എൻ.ആർ.ഐ. നിക്ഷേപവും ഉണ്ടായിട്ടുണ്ട്. ഗൾഫ് പര്യടനത്തിന്റെ ഫലമായി വിദേശ കമ്പനികളുടെ പ്രതിനിധികൾ കൊച്ചിയും കാസർകോടും സന്ദർശിക്കുകയും ഏകദേശം 97 കോടി രൂപ മുതൽമുടക്കു പ്രതീക്ഷിക്കുന്ന സിറാമിക് "സാനിറ്ററിവെയർ" യൂണിറ്റ് കാസർഗോഡ് കിൻഫ്ര പാർക്കിൽ ആരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(ഇ) ഉണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങൾ വ്യവസായം തുടങ്ങുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

1. മെസ്സേഴ്സ് ഇൻഡോ ഇറ്റാലിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രേഡ് ആന്റ് ടെക്നോളജി, ഇറ്റലി.
2. മെസ്സേഴ്സ് ഇന്റർഫുഡ്സ് ലിമിറ്റഡ്, ദുബായ്.
3. മെസ്സേഴ്സ് അഡ്മിനെക്സ്.
4. മെസ്സേഴ്സ് ഗസാലി മാക് അസ്സോസ്സിയേറ്റ്സ്.
5. മെസ്സേഴ്സ് ലൂയിസ് മറൈൻ ഗ്രൂപ്പ്.
6. മെസ്സേഴ്സ് അൽ വറൂദ് അൽ ഹമാര ട്രേഡിംഗ് കമ്പനി.
7. മെസ്സേഴ്സ് അജിത് കിംജി ഗ്രൂപ്പ് ഓഫ് കമ്പനീസ്.
8. മെസ്സേഴ്സ് എയർബ്ലാസ്റ്റ് മിഡിൽ ഈസ്റ്റ് എൽ.എൽ.സി.

കെ.എസ്.ഐ.ഡി.സി. യുമായി ചേർന്ന് ആരംഭിക്കുവാനായി ധാരണാപത്രം ഒപ്പുവച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധം 2 ++ ൽ ചേർത്തിരിക്കുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

	Foundation				
4.	Indo German Carbons Ltd.	Ernakulam	1520	512	75
5.	SDS Infotech Ltd.	Trivandrum	175	85	30
6.	Kadappuram Beach Resorts & Hotels Pvt. Ltd.	Thrissur	100	50	40
7.	Delta Finster Ltd.	Wayanad	230	115	50
8.	Highland Tour Operators Pvt. Ltd. (Hotel)	Kollam	190	95	33
			5465	2403.37	388

അനുബന്ധം IX

13-3-2000 ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 9 (2157) ന്റെ ഉത്തരം കാണുക

Status on MOUs signed during Gulf trip

No	Party	Project/ Product	Estimated Project cost(Rs.crores)	Date of MOU	Location	Status
1.	Mr. Kabeer Khadar P.O. Box 7158 Dubai,U.A.E.	Sand Processing	30	2.12.99	Cherthala	Party visited KSIDC in December 99 and KSIDC has forwarded the sample of available sand in Alappuzha for chemical analysis. Promoters are having discussions with Overseas Collaborator for preparation of reports.
2.	Mr. Percival Clement P.O. Box 4078 Sharjah, UAE	Non-ferrous Metal Casting	2	28.11.99	Calicut	Party contacted. He shall be visiting KSIDC shortly for detailed discussions.
3.	Mr. Kabeer Khadar P.O. Box 7158 Dubai, UAE.	Milk Products	5	2.12.99	Trivandrum	Visited KSIDC along with co promoter. Project report under preparation.
4.	Mr. Peter D. Brent Adminex Ltd. 110,The Cause Way, Edrex, CM9-4ND England	Ceramic Sanitary ware	97	1.12.99	Kasargode	Foreign Private Promoters have visited Kasargode & Cochin for site selection Location finalised at Kinfra Park, at Kasargode. A joint advertisement for selection of co-promoter being planned, with 50%participation by party & balance to be shared by KSIDC & Kinfra DPR under preparation
5.	Mr. T.C. Hari	Refrigeration	3.8	2.12.99	Ernakulam	Visited Kerala in January 2000

LIBRARY ARCHIVES Kerala Legislative Assembly

	Alwarood Al. Hamara'A Trading LLC P.O. Box 184 Seeb Sultanate of Oman	Equipment				for site selection at Ernakulam Preliminary details obtained from party They shall be submitting Project report shortly.
6.	Mr. Davis Kallukaran Gazhali MAK Associates LLC P.O. Box 971 Al Hamriya Sultanate of Oman.	HRLR Threads	14	2.12.99	Ernakulam	Party visited Cochin in January 2000 Project report submitted in principle sanction for equity participation being put up in the 37th Executive Committee.

അനുബന്ധം X(1)

13-3-2000 ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 11 (2159) ന്റെ ഉത്തരം കാണുക

List of NRI Projects assisted by KSIDC

(31.01.2000)

Sl. No.	*Name of project*	*Location/Dist.*	*Cost of proj. (Rs. lakhs)*	*NRI Investment (Rs.lakh.)*
1.	Aark Synthetics Pvt. Ltd.	Ernakulam	205	45.00
2.	Bhagvathi Beverages Pvt. Ltd.	Ernakulam	230	82.00
3.	Universal Gloves Pvt. Ltd.	Ernakulam	224	62.40
4.	Danntex Rubber Pvt. Ltd.	Ernakulam	105	17.00
5.	Elcera Substrates Ltd.	Malappuram	290	52.25
6.	Silver Foam Pvt. Ltd.	Trivandrum	214	9.90
7.	Quality Mix (India) P.Ltd.	Thrissur	76	19.30
8.	Trivandrum Flour Mills P.Ltd.	Trivandrum	221	113.33
9.	Trend Setters Instyle India Ltd.	Ernakulam	138	62.50
10.	Poly Fibre Products P.Ltd	Ernakulam	134	48.00
11.	Affiliated Medical Equipment Ltd.	Ernakulam	282	70.88
12.	Emsons Treatwood Ltd.	Ernakulam	135	20.00
13.	Mode creazon India Ltd.	Ernakulam	252	64.00
14.	Cochin Minerals & Rutile Ltd.	Ernakulam	1836	310.00
15.	Gemini Solvents Ltd.	Kannur	105	47.00
16.	Southern Refineries Ltd.	Trivandrum	556	116.00
17.	Trend Apparel Accessories (P) Ltd.	Ernakulam	196	60.00
18.	Trend Setters Instyle (India) Ltd. (Exp.)	Ernakulam	287	24.50
19.	Trend Designs Ltd.	Ernakulam	738	168.75
20.	Jyothish Dyes & Pigments Pvt. Ltd.	Palakkad	224	38.18
21.	Safa Leather Exports Pvt. Ltd.	Thrissur	175	70.00

LIBRARY ARCHIVES Kerala Legislative Assembly